**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1024** **24-02-2022 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നഗരസഭകളിലും കോർപ്പറേഷനുകളിലും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് ജലജീവൻ പദ്ധതിക്ക് സമാനമായി ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | നിലവിൽ അമൃത് പദ്ധതി പ്രകാരം കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളിലും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നു. ഇതിന്റെ തുടർച്ചയായി അമൃത് 2.0 പ്രകാരം കേരളത്തിലെ എല്ലാ നഗരസഭകളിലും വീട്ടുകളിൽ ശുദ്ധജലം നല്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ചെലവ് വഹിക്കുന്നത് ഏതെല്ലാം ഏജൻസികളാണെന്നും എത്ര വീതമാണെന്നും വിശദമാക്കാമോ; പദ്ധതി എപ്പോൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | ഒരു ലക്ഷം വരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ 50% കേന്ദ്രസഹായം ലഭിക്കും. ഒരു ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ മൂന്നിലൊന്ന് കേന്ദ്രസഹായം ലഭിക്കും. ബാക്കി തുക സംസ്ഥാനവും നഗരസഭകളും വഹിക്കണം. പദ്ധതി പ്രകാരം കേരള ജല അതോറിറ്റി നിർവഹണ ഏജൻസി ആണ്. ജല അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് കോർപറേഷൻ/ മുനിസിപ്പാലിറ്റി മുഖേന അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമെ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. പദ്ധതികൾ ഈ വർഷം തന്നെ ആരംഭിക്കുവൻ സാധിക്കും |
| (സി) | അമൃത് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി ഏത് പ്രദേശങ്ങൾക്കായുള്ളതാണെന്ന് വിശദമാക്കാമോ? | (സി) | നിലവിലെ അമൃത് പദ്ധതി പ്രകാരം ആറു കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) മൂന്നു മുനിസിപ്പാലിറ്റികളിലും (ആലപ്പുഴ, ഗുരുവായൂർ, പാലക്കാട്) ആണ് ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇതിന്റെ തുടർച്ചയായുള്ള അമൃത് 2.0 പദ്ധതിയിൽ കേരളത്തിലെ എല്ലാ നഗരസഭകളിലും കുടിവെള്ളമെത്തിക്കുന്നതിനും അതോടൊപ്പം നിലവിലെ അമൃത് നഗരങ്ങളിൽ സിവേജ്/സെപ്റ്റേജ് മാലിന്യ സംസ്കരണത്തിന് |

| | | | |
|---|---|---|---|
| | | | പ്രത്യേക പദ്ധതികളും ഉൾപ്പെടുന്നു. ഇതിനായി 1372 കോടി രൂപ കേന്ദ്രസഹായം ലഭിക്കും. ഒരു ലക്ഷം വരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ 50% കേന്ദ്രസഹായം ലഭിക്കും. ഒരു ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ മൂന്നിലൊന്ന് കേന്ദ്രസഹായം ലഭിക്കും. ബാക്കി തുക സംസ്ഥാനവും നഗരസഭകളും വഹിക്കേണ്ടതാണ്. ഇത് കൂടാതെ പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോർപ്പറേഷനുകളിൽ ജല അതോറിറ്റി മലിനജല നിവാരണ പ്രവർത്തനങ്ങളും നടത്തുന്നു. പ്രസ്തുത പദ്ധതിയുടെ ചെലവ് വഹിക്കുന്നത് കേന്ദ്ര-സംസ്ഥാന –സ്വയംഭരണ വകുപ്പുകൾ 50:30:20 എന്ന അനുപാതത്തിലാണ്. മേൽപ്പറഞ്ഞ നഗരങ്ങളിലേക്കായി 1462.57 കോടി രൂപക്കുള്ള 289 പ്രവർത്തികൾക്ക് ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിക്കുകയും ഇതിൽ 669.11 കോടി രൂപക്കുള്ള 230 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ